**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **03.11.2011-ൽ മറുപടിയ്ക്ക്**
**ചോദ്യം നമ്പർ. 7188**

# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റ്റി. വി. രാജേഷ് | ശ്രീ.കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| എ. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജില്ല/ബ്ലോക്ക്/ ഗ്രാമപഞ്ചായത്ത് ഓഫീസുകളിൽ കരാർ വ്യവസ്ഥയിൽ ഓരോ വിഭാഗത്തിലും എത്ര ജീവനക്കാരാണുള്ളത് ; വിശദാംശം നൽകാമോ; പ്രസ്തുത ജീവനക്കാർക്ക് സമാന സ്വഭാവമുള്ള പദ്ധതികളിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടോ ; | എ. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങളെ സഹായിക്കുന്നതിനായി ജില്ലാതലത്തിൽ ഒരു ഐ.റ്റി. പ്രൊഫഷണൽ ഒരു അക്കൗണ്ടന്റ്-കം-ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരും ബ്ലോക്ക് പഞ്ചായത്തുകളിൽ ഒരു അക്രഡിറ്റഡ് എഞ്ചിനീയർ, ഒരു അക്കൗണ്ടന്റ്-കം-ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരും ഗ്രാമ പഞ്ചായത്തിൽ ഒരുഅക്രഡിറ്റഡ് എഞ്ചിനീയർ/ഓവർസിയർ, ഒരു അക്കൗണ്ടന്റ്-കം-ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരും കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്നു. പ്രസ്തുത ജീവനക്കാർക്ക് നിശ്ചിത ശമ്പളത്തിന് പുറമെ ഒരു വർഷം 12 ദിവസത്തെ ആകസ്മികാവധി 15 ദിവസത്തെ ആർജ്ജിതാവധി (സറണ്ടർ ചെയ്യാവുന്നത്) ആനുകൂല്യങ്ങളും എഞ്ചിനീയർ/ ഓവർസിയർ എന്നിവർക്ക് പ്രതിമാസം 500 രൂപ സ്ഥിര യാത്രാ ബത്തയും നൽകുന്നുണ്ട്. (കരാർ ജീവനക്കാർക്ക് ലഭിക്കുന്ന ശമ്പളം അനുബന്ധമായി ചേർത്തിട്ടുണ്ട്) ഇത് സമാന സ്വഭാവമുള്ള മറ്റ് പദ്ധതികളുടെ കരാർ ജീവനക്കാരുടെ ആനുകൂല്യങ്ങളുമായി താരതമ്യപ്പെടുത്തി പരിശോധിച്ചിട്ടില്ല. |
| ബി. കേന്ദ്ര സംസ്ഥാന ജീവനക്കാരുടെ ശമ്പള വർദ്ധനവ് നിലവിൽ വന്ന സാഹചര്യത്തിൽ ഇവിടങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; | ബി. & സി. തൊഴിലുറപ്പു പദ്ധതി ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| സി. എന്തൊക്കെ ആനുകൂല്യങ്ങളാണ് ഇവർക്ക് നൽകാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | |

**സെക്ഷൻ ഓഫീസർ.**

അനുബന്ധം

ജില്ലാഓഫീസ്

| തസ്തിക | ശമ്പളം (consolidated per month) |
|---|---|
| ഐ.ടി പ്രൊഫഷണൽ | 10,000 |
| അക്കൗണ്ട്-കം- ഡേറ്റാ എൻട്രി ഓപ്പറേറ്റർ | 6000 |

ബ്ലോക്ക്ഓഫീസ്

| തസ്തിക | ശമ്പളം (consolidated per month) |
|---|---|
| അക്രഡിറ്റഡ് എഞ്ചിനീയർ (ഡിഗ്രി) | 9000 |
| അക്കൗണ്ട്-കം- ഡേറ്റാ എൻട്രി ഓപ്പറേറ്റർ (ബികോം+പി.ജി.ഡി.സി.എ) | 6000 |

ഗ്രാമപഞ്ചായത്ത്ഓഫീസ്

| തസ്തിക | ശമ്പളം (consolidated per month) |
|---|---|
| അക്രഡിറ്റഡ് എഞ്ചിനീയർ (ഡിഗ്രി) | 9000 |
| ഓവർസിയർ (ഡിപ്ലോമ) | 6000 |
| ഓവർസിയർ (സർട്ടിഫിക്കറ്റ്) | 5000 |
| അക്കൗണ്ട്-കം- ഡേറ്റാ എൻട്രി ഓപ്പറേറ്റർ (ബികോം+പി.ജി.ഡി.സി.എ) | 6000 |
| അക്കൗണ്ട്-കം- ഡേറ്റാ എൻട്രി ഓപ്പറേറ്റർ (ബികോം+ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ സർട്ടിഫിക്കറ്റ്) | 4500 |

സെക്ഷൻ ഓഫീസർ